# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1280 04.02.2019 ൽ മറുപടിക്ക്**

**വെഞ്ഞാറമൂട് ഹയർ സെക്കന്ററി സ്കൂൾ ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോജി.എം. ജോൺ | | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന്റെ ചുമതല ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കാമോ; ചുമതല മാറ്റി നൽകാനുള്ള കാരണവും എന്നു മുതലാണ് ഇപ്രകാരം ചുമതല മാറ്റി നൽകിയതെന്നും വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട്ടിൽ സർക്കാർ എയ്ഡഡ് മേഖലകളിലായി ആകെ 3 ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലുള്ളതും ഇതിൽ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രിൻസിപ്പാൾ ചുമതല ശ്രീമതി. റാണി എം.റ്റിക്കും, വെഞ്ഞാറമൂട് വി.പി.എസ് എച്ച്.എസ്.എസ് ഫോർ ബോയ്സിന്റെ പ്രിൻസിപ്പൽ ചുമതല ശ്രീമതി. എസ്. പത്മകുമാരിയ്ക്കും വെഞ്ഞാറമൂട് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിന്റെ താത്ക്കാലിക ചുമതല, ടി സ്കൂളിലെ പ്രിൻസിപ്പൽ ആയിരുന്ന ശ്രീ. സുധീർ ജെ.നായർ സസ്പെൻഷനിൽ ആയതിനെ തുടർന്ന് മേഖലാ ഉപമേധാവിക്ക് പ്രിൻസിപ്പലിന്റെ പൂർണ്ണ അധിക ചുമതലയും 26/4/2018 മുതൽ ശ്രീ. പ്രേമജ് കുമാർ ഡി.ബി യ്ക്ക് സാമ്പത്തികം ഒഴികെ പ്രിൻസിപ്പലിന്റെ ചുമതലയും നൽകി ഉത്തരവായിട്ടുണ്ട്. |
| ( ബി) | ഇപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ എത്ര പ്രാവശ്യം ടി സ്കൂളിൽ നേരിട്ട് എത്തിയെന്ന് വ്യക്തമാക്കുമോ ; | (ബി) | ഭരണപരമായ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും അക്കാദമിക നിലവാരം വിലയിരുത്തുന്നതിനുമായി തിരുവനന്തപുരം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ യഥാസമയം വിവിധ സ്കൂളുകൾ സന്ദർശിക്കുന്നതുപോലെ ടി സ്കൂളുകളിലും സന്ദർശനം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ടി സ്കൂളിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്നും, ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങളും വാർഷിക ശമ്പള വർദ്ധനവ്, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങളും പാസ്സാക്കി നൽകേണ്ട ചുമതല ആർക്കാണെന്നും വ്യക്തമാക്കാമോ; ഇത്തരം ചുമതലകൾ നിലവിലെ ഓഫീസർ നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | വെഞ്ഞാറമൂട് ഗവൺമെന്റ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ 13 അദ്ധ്യാപകരും 2 ലാബ് അസിസ്റ്റന്റും ഉൾപ്പെടെ 15 ജീവനക്കാരും, വി.പി.എസ്.എച്ച്.എസ്.എസ് ഫോർ ബോയ്സ് വെഞ്ഞാറമൂട് 27 ജീവനക്കാരും, വെഞ്ഞാറമൂട് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിൽ 30 അദ്ധ്യാപകരും 4 ലാബ് അസിസ്റ്റന്റും ഉൾപ്പെടെ 34 ജീവനക്കാരുമാരുമാണുള്ളത്. വെഞ്ഞാറമൂട് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ജീവനക്കാരുടെ സാമ്പത്തികേതര ചുമതലകൾ നിർവ്വഹിക്കുന്നത് നിലവിലെ സ്കൂൾ പ്രിൻസിപ്പലാണ് എന്നാൽ സ്കൂളിന്റെ സാമ്പത്തിക ഇടപാടുകൾ, ശമ്പള വർദ്ധനവ്, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ പാസ്സാക്കി നൽകേണ്ട ചുമതല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കാണുള്ളത്. ടി ചുമതലകൾ നിലവിലെ ഓഫീസർ കൃത്യതയോടെ നിർവ്വഹിക്കുന്നുണ്ട്. മറ്റു സ്കൂളുകളിലെ ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ യഥാസമയം അനുവദിച്ചു നൽകി വരുന്നു. |
| (ഡി) | ടി സ്കൂളിലെ എത്ര ജീവനക്കാർക്ക് അർഹമായ വാർഷിക ശമ്പള വർദ്ധനവ് നിശ്ചയിച്ച് നൽകാനുണ്ടെന്നും ഇതിലൂടെ ഓരോ ജീവനക്കാരനും കുടിശ്ശികയായി ലഭിക്കേണ്ടത് എത്ര രൂപയാണെന്നുമുള്ള കണക്കും ലഭ്യമാക്കുമോ; | (ഡി) | മേൽപ്പറഞ്ഞ 3 സ്കൂളുകളിലേയും ജീവനക്കാരുടെ വാർഷിക ശമ്പള വർദ്ധനവ് അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ടി സ്കൂളിന്റെ പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്ന ജീവനക്കാരന് വാർഷിക ശമ്പള വർദ്ധനവോ മറ്റേതെങ്കിലും അർഹമായ ആനുകൂല്യങ്ങളോ തടയപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (എഫ് ) | സ്വന്തമായി ലഭിക്കേണ്ട അർഹമായ ആനുകൂല്യങ്ങൾ കൈപ്പറ്റുകയും കീഴ് ജീവനക്കാരുടെ അർഹമായ മിനിമം ആനുകൂല്യങ്ങൾ മാസങ്ങളായി നിഷേധിക്കുന്നതും ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | | |
| (ജി) | ടി സ്കൂളിലെ ജീവനക്കാരുടെ വാർഷിക ശമ്പള വർദ്ധനവ് യഥാസമയം നൽകാതെ മതിയായ കാരണമില്ലാതെ തടഞ്ഞുവച്ചതിലൂടെ ജീവനക്കാർക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടത്തിന്റെ ഉത്തരവാദി ആരെന്ന് വ്യക്തമാക്കാമോ; ഈ സ്കൂളിലെ മുഴുവൻ ജീവനക്കാർക്കും ലഭിക്കേണ്ട ഇത്തരം ആനുകൂല്യങ്ങൾ എന്ന് അനുവദിച്ച നൽകാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) & (ജി) | അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ